# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2035

07.03.2017 – ൽ മറുപടിക്ക്

## പുതിയ റേഷൻ കാർഡ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പാറക്കൽ അബ്ദുല്ല : | | | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് പുതിയ റേഷൻ കാർഡ് അച്ചടിയും വിതരണവും അനന്തമായി നീണ്ടു പോകുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ദേശീയ ഭക്ഷ്യ ഭദ്രതാനിയമം, 2013 പ്രകാരം മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തുന്നതിനുള്ള നടപടികളും 20.10.2016-ന് പ്രസിദ്ധീകരിച്ച കരട് പട്ടികയിന്മേൽ ആക്ഷേപങ്ങളും പരാതികളും പരിഹരിച്ച് അന്തിമ പട്ടിക പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തിനായി 10.02.2017-ന് നൽകിയിട്ടുണ്ട്. ടി പട്ടിക ലഭ്യമാകുന്ന മുറയ്ക്ക് അന്തിമ പട്ടിക പ്രസിദ്ധീകരിച്ച് റേഷൻ കാർഡുകൾ അച്ചടിച്ച് വിതരണം ചെയ്യുന്നതാണ്. |
| (ബി) | മുൻഗണനാ വിഭാഗം, അന്ത്യോദയാ വിഭാഗം, സംസ്ഥാന സർക്കാരിന്റെ സബ്സിഡിക്കർഹരായവർ, മുൻഗണനേതര വിഭാഗം എന്നിങ്ങനെ നാല് വിഭാഗങ്ങൾക്ക് വ്യത്യസ്ഥ നിറത്തിലുള്ള കാർഡ് വിതരണം ചെയ്യുമോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (ബി) | വിതരണം ചെയ്യും.<br>മുൻഗണനാ വിഭാഗം - പിങ്ക്,<br>അന്ത്യോദയ അന്നയോജന - മഞ്ഞ,<br>മുൻഗണനേതര സ്റ്റേറ്റ് സബ്സിഡി - നീല ,<br>മുൻഗണനേതര വിഭാഗം - വെള്ള<br>എന്നിങ്ങനെയാണ് നിശ്ചയിച്ചിട്ടുള്ളത്. |
| (സി) | കാർഡുകളുടെ അച്ചടി ചുമതല ഏത് ഏജൻസിയാണ് നിർവ്വഹിക്കുന്നത്; | (സി) | റേഷൻ കാർഡിന്റെ ഔട്ടർ പേജ് സി-ഡിറ്റിനേയും, ഇന്നർ ഷീറ്റ് കെ.ബി.പി.എസ്. നേയും അച്ചടിച്ച് നൽകുവാനാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. |
| (ഡി) | ഇപ്പോഴത്തെ സാഹചര്യത്തിൽ എന്നത്തേക്ക് കാർഡുകളുടെ വിതരണം പൂർത്തിയാക്കാനാകും? | (ഡി) | 2017 ഏപ്രിലോട് കൂടി റേഷൻകാർഡ് അച്ചടിച്ച് വിതരണം ചെയ്യുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ